എപ്പിസോഡുകൾ വീതമുള്ള വീഡിയോ ക്ലാസ്സ് തയ്യാറാക്കി രാത്രി 7-നും 10-നും ഇടയ്ക്ക് സംപ്രേഷണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾക്ക് പഠന-പരീക്ഷാ സംബന്ധമായ മാനസിക സംഘർഷം ഒഴിവാക്കുന്നതിനും തൊഴിൽപരമായ അറിവുകൾ നൽകുന്നതിനുമായി കരിയർ ഗൈഡൻസ് ആന്റ് കൗൺസലിംഗ് പ്രോഗ്രാം വിപുലപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ജി) ഉണ്ട്.

പോളിടെക്നിക്കുകളുടെ പാഠ്യപദ്ധതി പരിഷ്ക്കരണം

26 (*416) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോളിടെക്നിക്കുകളുടെ പാഠ്യപദ്ധതി അടുത്ത കാലത്തായി പരിഷ്കരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ബി) സിലബസ് പരിഷ്കരണംമൂലം മാറ്റം വന്ന പുസ്തകങ്ങൾക്ക് പകരമുള്ള പുസ്തകം തയ്യാറാക്കി വിതരണം നടത്തിയിട്ടുണ്ടോ ;

(സി) പാഠപുസ്തകം ലഭിക്കാത്തതിനാൽ പല പോളിടെക്നിക്കുകളിലും ഒന്നാം വർഷ ക്ളാസ്സുകളിൽ പഠനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) ഉണ്ട് ; പോളിടെക്നിക്ക് പാഠ്യപദ്ധതിയുടെ ഒന്നും രണ്ടും സെമസ്റ്റർ പരിഷ്ക്കരിച്ചുകഴിഞ്ഞു. ക്രെഡിറ്റ് & സെമസ്റ്റർ രീതിയിലാണ് പരിഷ്ക്കരിക്കുന്നത്.

(ബി) പോളിടെക്നിക്ക് പാഠ്യക്രമത്തിൽ സർക്കാർ പാഠപുസ്തകങ്ങൾ തയ്യാറാക്കി നൽകുന്ന രീതി നിലവിലില്ല.

(സി) ബാധകമല്ല.

ബദൽ വിദ്യാലയങ്ങളുടെ ഭരണനിർവ്വഹണവും പാഠ്യക്രമീകരണങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

27 (*417) ശ്രീ. വർക്കല കഹാർ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ നിന്നും പലകാരണങ്ങളാൽ ഇടയ്ക്കുവച്ച് പഠനം നിർത്തേണ്ടിവരുന്ന കുട്ടികൾക്ക് തുടർവിദ്യാഭ്യാസം നൽകുന്നതിന് എന്തൊക്കെ ബദൽ സംവിധാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly